# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 940 07.02.2013-ൽ മറുപടിക്ക്**

## കായംകുളം മണ്ഡലത്തിലെ കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കായംകുളം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കായംകുളം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി പൈപ്പ് ലൈൻ നീട്ടൽ, റിപ്പയറിംഗ്, പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾക്കായി 2013 ലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 17,10,000/- രൂപയുടെ ഭരണാനുമതി 29/01/2013-ൽ ആലപ്പുഴ ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. കൂടാതെ ലീക്കുകൾ സമയ ബന്ധിതമായി പരിഹരിച്ചും പമ്പിംഗ് സമയം വർദ്ധിപ്പിച്ചും അറ്റകുറ്റപണികൾ നടത്തിയും കുടിവെള്ള ക്ഷാമം പരിഹരിച്ചു വരുന്നു. |
| (ബി) കായംകുളം നഗര സഭയിൽ ശുദ്ധ ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) കായംകുളം മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള പഴയതും കേടായതുമായ എ.സി. പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പ് ഇടുന്നതിനായി 12.38 കോടി രൂപയുള്ള ഒരു പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് ADB/JICA സഹായത്തിനു വേണ്ടി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ